## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2157

05-12-2018 ൽ മറുപടിയ്ക്ക്

## തീപിടിത്തം തടയുന്നതിന് സുരക്ഷാസംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) തീപിടിത്തം തടയുന്നതിന് സുരക്ഷാ സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഫയർഫോഴ്സ് തലസ്ഥാന നഗരിയിലെ വൻകിട സ്ഥാപനങ്ങൾക്കും, തിയേറ്ററുകൾക്കും ആശുപത്രികൾക്കും മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; | എ) നൽകിയിട്ടുണ്ട്. |
| ബി) ഫയർഫോഴ്സ് ഇത്തരം സ്ഥാപനങ്ങളിൽ നടത്തിയ ഫയർ ആഡിറ്റിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണ്; | ബി) സുരക്ഷാ ക്രമീകരണങ്ങളിൽ പാളിച്ചകൾ, അഗ്നിശമന സംവിധാനങ്ങളുടെ കുറവും, കെട്ടിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന അഗ്നി സുരക്ഷ ഉപകരണങ്ങളുടെ മെയിന്റനൻസ് യഥാസമയം നടത്താത്തതും മൂലം അവ പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥ തുടങ്ങിയ വസ്തുതകൾ കണ്ടെത്തിയിരുന്നു. |
| സി) സുരക്ഷാ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങൾക്കെതിരെ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) & ഡി) സുരക്ഷാ ക്രമീകരണങ്ങളിൽ പാളിച്ച കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള പരിശോധനയും നടന്നു വരുന്നു. ന്യൂനതകൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി വരുന്നു. |
| ഡി) നഗരത്തിൽ അടിക്കടി ഉണ്ടാകുന്ന തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ, ഫയർ ആഡിറ്റിൽ ന്യൂനതകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ അവ പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ